**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം- ശ്രീ വിൻസെന്റ് തോമസ് , ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I - സർവകലാശാല സേവനത്തിൽ നിന്നും നീക്കം ചെയ്ത് കൊണ്ടുള്ള തീരുമാനം സ്ഥിരീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 4020/AD A 3/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 14.09.2020

---

*പരാമർശം:*-1)U.O. No. AD.AIII/102/1/168/90 തീയതി 27/08/92

2)U O No. 9064/95(1) A-III/Admn(2) തീയതി 9/12/97

3) U.O.No.3082/2000/AIII/Admn തീയതി 21/1/2003

4)U.O.No.2476/AII[1]/2009 / Admn തീയതി 10/6/2009

5)U O NO. AdC3/2/Leave/2004 തീയതി 6/12/2004

6)U O .No. 5760/C/2009/Admn തീയതി 1/1/2010

7) 8052/ADA3/2/2019/ADA3 തീയതി 05/02/2019

8) 8052/ADA3/2/2019/ADA3 തീയതി 04/05/2019

9) U O .No. 3912/ADA3/2019 തീയതി 13/08/2019

10) 8052/A3/3912/ഭ വി തീയതി 29/08/2019

11 ) 8052/A3/3912/ഭ വി തീയതി 22/04/2020

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവകലാശാലയിൽ പരാമർശം (1) പ്രകാരം കുക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. വിൻസെന്റ് തോമസ് 14/08/1992 തീയതിയിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം (2) പ്രകാരം ടിയാൾക്ക് 09/12/1997 തീയതിയിൽ ലബോറട്ടറി അസിസ്റ്റന്റ് ആയി സ്ഥാനക്കയറ്റം ലഭിക്കുകയും പരാമർശം (3 ) പ്രകാരം 9/12/2002 തീയതിയിൽ ടി തസ്തികയിൽ നിന്നും ക്ലറിക്കൽ അസിസ്റ്റന്റ് ആയി തസ്തിക മാറ്റം വഴി നിയമനം ലഭിക്കുകയും ചെയ്തു. പരാമർശം (4 ) പ്രകാരം 9/12/2002 തീയതി മുതൽ ടിയാൾക്ക് 1:2 അനുപാതത്തിൽ ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I ആയി സ്ഥാനക്കയറ്റം ലഭിച്ചു . പരാമർശം (5) പ്രകാരം 09/12/2004 മുതൽ 08/12/2009 വരെ അഞ്ചുവർഷകാലവും പരാമർശം (6) പ്രകാരം 09/12/2009 മുതൽ 08/12/2014 വരെ വീണ്ടും അഞ്ചു വർഷവും വിദേശത്ത് ജീവിത പങ്കാളിയോടൊപ്പം ചേരുന്നതിന് ടിയാൾക്ക് ശൂന്യവേതനാവധി അനുവദിച്ചിരുന്നു. അനുവദിച്ച അവധി കഴിഞ്ഞിട്ടും സർവീസിൽ തിരികെ പ്രവേശിക്കാതിരുന്ന ടിയാന്റെ അനധികൃത അസാന്നിധ്യം ഗുരുതരമായ വീഴ്ച ആയതിനാൽ ടിയാനെതിരെ അച്ചടക്കനടപടികൾ എടുക്കുന്നതിന്റെ മുന്നോടിയായി സ്വദേശത്തും വിദേശത്തുമുള്ള മേൽവിലാസങ്ങളിൽ പരാമർശം (7),(8) പ്രകാരം മെമ്മോ

Draft #6 of File 8052/AD A3/2/2019/AD A 3 Approved by Registrar on 11-Sep-2020 12:38 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

അയച്ചിരുന്നെങ്കിലും യാതൊരു മറുപടിയും ടിയാന്റെ ഭാഗത്തു നിന്നും ലഭിക്കാഞ്ഞതിനാൽ . ടിയാനെതിരേയുള്ള അച്ചടക്കനടപടികളുടെ ഭാഗമായി വകുപ്പുതല അന്വേഷണം നടത്തുന്നതിലേക്കായി പരാമർശം (9) പ്രകാരം ശ്രീ.പ്രേംകുമാർ ആർ , അസിസ്റ്റന്റ് രജിസ്ട്രാർ I (ഭ വി ) -നെ ചുമതലപ്പെടുത്തുകയും, അദ്ദേഹം പരാമർശം (10) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു .

പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരം , അന്വേഷണ ഉദ്യോഗസ്ഥൻ നൽകിയ കാരണം കാണിക്കൽ നോട്ടീസുകൾ കൈപ്പറ്റുകയോ, കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ കുറ്റാരോപിതനെതിരെ മഹാത്മാ ഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് അദ്ധ്യായം 4 പാർട്ട് III വകുപ്പ് 35 പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണമുണ്ടെങ്കിൽ 30 ദിവസത്തിനകം ബോധിപ്പിക്കുന്നതിനായി പത്രപ്പരസ്യം നൽകുകയും ചെയ്തിരുന്നെങ്കിലും ടിയാന്റെ ഭാഗത്തു നിന്നും യാതൊരു മറുപടിയും ലഭിക്കാത്തതിന്റെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് സ് 1997 ,പാർട്ട് 3 വകുപ്പ് 35 പ്രകാരമുള്ള എല്ലാ നടപടികളും നിലവിൽ പൂർത്തിയാക്കിയിട്ടുള്ളതിനാൽ മഹാത്മാ ഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ്, അദ്ധ്യായം 4 പാർട്ട് III വകുപ്പ് 35 B(vii) പ്രകാരം ഭാവിയിൽ ഉദ്യോഗലബ്ധിക്ക് അയോഗ്യത കൽപ്പിക്കാതെ സർവകലാശാല സർവീസിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള കഠിന ശിക്ഷ ചുമത്തുവാൻ വൈസ് ചാൻസലർ ഉത്തരവായിരുന്നു . പ്രസ്തുത തീരുമാനം ടിയാളെ അറിയിച്ചു കൊണ്ടും, അതുമായി ബന്ധപ്പെട്ട് ടിയാനോട് വിശദീകരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുവാനും ആവശ്യപ്പെട്ട് കൊണ്ട് പരാമർശം (11) പ്രകാരം സ്വദേശത്തും വിദേശത്തുമുള്ള വിലാസങ്ങളിൽ മെമ്മോ അയച്ചതിന് അനുവദിച്ച അവധി കഴിഞ്ഞിട്ടും നാളിതു വരെ മറുപടി ഒന്നും ലഭിച്ചിട്ടില്ല .

ആയതിനാൽ, ശ്രീ. വിൻസെന്റ് തോമസ് ന്റെ 09/12/2014 തീയതി മുതൽ ഉള്ള സർവീസിലെ അനധികൃത അസാന്നിധ്യം കണക്കിലെടുത്ത് ടിയാനെ മഹാത്മാ ഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ്, അദ്ധ്യായം 4 പാർട്ട് III വകുപ്പ് 35 B(vii) അനുശാസിക്കുന്ന കഠിനശിക്ഷയായ ഭാവിയിൽ ഉദ്യോഗലബ്ധിക്ക് അയോഗ്യത കൽപ്പിക്കാതെ സർവകലാശാല സർവീസിൽ നിന്നും 9-12-2014 പൂർവ്വാഹ്നം പ്രാബല്യത്തിൽ നീക്കം ചെയ്യുക എന്ന തീരുമാനം മഹാത്മാ ഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട്സ് 1997 അദ്ധ്യായം 4 പാർട്ട് III വകുപ്പ് 51(2) പ്രകാരം സ്ഥിരീകരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു .

തദ്ദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഡോ.പ്രകാശ് കുമാർ .ബി

രജിസ്ട്രാർ

പകർപ്പ്

1 ) ശ്രീ.വിൻസെൻറ് തോമസ്

2 ) വി . സി , പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി

3 ) രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / സി ഇ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ

4 ) ജോയിന്റ് ഡയറക്ടർ , കെ. എസ് . എ. ഡി, എം.ജി.യു / എ ആർ I /

Draft #6 of File 8052/AD A3/2/2019/AD A 3 Approved by Registrar on 11-Sep-2020 12:38 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഡി . ആർ . I / ജെ . ആർ I ( ഭ വി )

5 ) എഫ് . സി.സി. / ഓഡിറ്റ് V / ഫിൻ I / IV /എ ഡി എ VIII / X

6 ) ഐ . ക്യൂ . എ . സി .സി / എ .ഡി .സി . I/II/III

7 ) റെക്കോർഡ്സ് സെക്ഷൻ / സി എം എസ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 8052/AD A3/2/2019/AD A 3 Approved by Registrar on 11-Sep-2020 12:38 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം